**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5121** **04-07-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ വകുപ്പിലെ തസ്തികമാറ്റം/പ്രൊമോഷൻ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിലെ ഏതെല്ലാം അധ്യാപക തസ്തികകളിലേക്കാണ് തസ്തികമാറ്റം വഴി നിയമനങ്ങൾ നടത്തുന്നതെന്നും പ്രൊമോഷൻ വഴി നിയമനങ്ങൾ നടത്തുന്നതെന്നും വ്യക്തമാക്കാമോ; | (എ) | പ്രൈമറി വിഭാഗത്തിലെയും ഹൈസ്കൂൾ വിഭാഗത്തിലെയും അധ്യാപക തസ്തികകളിലേയ്ക്കും, ഭാഷാ അധ്യാപക തസ്തികകളിലേയ്ക്കുമാണ് മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി ഉള്ള നിയമനങ്ങൾ നൽകുന്നത്. പ്രൈമറി വിഭാഗത്തിലുള്ള അധ്യാപകരിൽ നിന്നും ഹൈസ്കൂൾ വിഭാഗത്തിലെ അധ്യാപകരിലേയ്ക്കും, പാർട്ട് ടൈം ഭാഷാ അധ്യാപകരിൽ നിന്നും ഫുൾടൈം ഭാഷാ അധ്യാപകരിലേയ്ക്കും, ഫുൾടൈം ലോവർ ഗ്രേഡ് ഭാഷാ അധ്യാപകരിൽ നിന്നും ഹൈസ്കൂൾ ഭാഷാ അധ്യാപകരിലേയ്ക്കും ആണ് പ്രൊമോഷൻ വഴിയുള്ള നിയമനങ്ങൾ നൽകുന്നത്.<br><br>ഹയർ സെക്കന്ററി വിഭാഗത്തിൽ എച്ച്.എസ്.എസ്.റ്റി, എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലേക്ക് എച്ച്.എസ്.എ, എൽ.പി.എസ്.എ/യു.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ നിന്നും യോഗ്യരായവർക്ക് തസ്തിക മാറ്റ നിയമനം നൽകി വരുന്നു. കൂടാതെ, എച്ച്.എസ്.എസ്.റ്റി തസ്തികയിലേക്ക് എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ നിന്നും തസ്തികമാറ്റ നിയമനവും നൽകി വരുന്നു. |
| (ബി) | വിദ്യാഭ്യാസ വകുപ്പിലെ അധ്യാപക തസ്തികകളിലേക്കുള്ള പ്രൊമോഷൻ നിയമനങ്ങളും തസ്തികമാറ്റ നിയമനങ്ങളും തമ്മിലുള്ള അന്തരം വിശദമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | പ്രൈമറി അധ്യാപക തസ്തികയുടെ തൊട്ടുമുകളിലുള്ള ഹൈസ്കൂൾ അധ്യാപക കേഡർ തസ്തികയിലേക്ക് നിയമനങ്ങൾ നടത്തുന്നത് തസ്തികമാറ്റം/പ്രൊമോഷൻ വഴിയാണോ എന്ന് വ്യക്തമാക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഹൈസ്കൂൾ അധ്യാപക തസ്തികയുടെ തൊട്ടടുത്ത അധ്യാപക കേഡർ തസ്തികയായ ഹയർ സെക്കണ്ടറി ജൂനിയർ തസ്തികയിലേക്ക് നിലവിലുള്ള നിയമനം തസ്തികമാറ്റം വഴിയാണോ നടത്തുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾ നാളിതുവരെ നടത്തിയത് ഭരണ വകുപ്പ് ഡയറക്ടറാണോ എന്ന് വ്യക്തമാക്കാമോ; | (ഡി) | എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലേക്ക് എച്ച്.എസ്.എ, എൽ.പി.എസ്.എ/യു.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ നിന്നും യോഗ്യരായവർക്ക് തസ്തിക മാറ്റ നിയമനം നൽകി വരുന്നു. 28/12/2020 വരെയുള്ള തസ്തികമാറ്റ ഒഴിവുകൾ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനയാണ് നികത്തിയിട്ടുള്ളത്. |
| (ഇ) | നിലവിൽ ഹൈസ്കൂൾ അധ്യാപക തസ്തികയിൽനിന്നും ഹയർ സെക്കണ്ടറി ജൂനിയർ അധ്യാപക തസ്തികകളിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം നടത്തുന്നതിന് പി.എസ്.സി.യെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഇ) | 01/07/2023 ലെ സ.ഉ(പി)നം.8/2023/ പൊവിവ പ്രകാരം 29.12.2020 മുതലുള്ള തസ്തികമാറ്റ ഒഴിവുകൾ പി.എസ്.സി മുഖേന നികത്തുന്നതിന് ഉത്തരവായിട്ടുണ്ട്. തുടർന്ന് പി.എസ്.സി നിർദ്ദേശിച്ച ഭേദഗതി സർക്കാർ പരിശോധിച്ചുവരുന്നു. |
| (എഫ്) | ഹൈസ്കൂൾ അധ്യാപകരെ ഹയർ സെക്കണ്ടറി ജൂനിയർ അധ്യാപകരാക്കി സീനിയോറിറ്റി അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നിയമതടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | (എഫ്) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ